# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 21.09.2026**

## പ്രധാനവാർത്തകൾ

1. 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഗുജറാത്തിലെ കെവാഡിയയിൽ നാളെ വിതരണം ചെയ്യും.

2. കേരളത്തിലെ റെയിൽവേ വികസനത്തിനായി 3,795 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സംസ്ഥാനത്തെ എംപിമാരുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്

3. മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്കുള്ള സർക്കാർ സഹായം മറ്റന്നാൾ ചേരുന്ന മന്ത്രിസഭായോഗം തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

4. കേരള രാജ്യാന്തര ഡോക്യൂമെൻററി-ഹ്രസ്വചിത്ര മേളയിൽ ഒരു ചിത്രത്തിനും പ്രദർശന അനുമതി നിഷേധിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ.

5. ശബരിമലയിലെ അരവണ ക്ഷാമത്തിന് പരിഹാരമായില്ല ; പ്രസാദം ഉറപ്പാക്കേണ്ടത് ദേവസ്വം ബോർഡെന്ന് മന്ത്രി K.മുരളീധരൻ.

6. ഏഷ്യൻ ഗെയിംസ് ബാഡ്മിൻറണിൽ ഇന്ത്യൻ പുരുഷ ടീം ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

RNU TVPM

******************************

## രാഷ്ട്രപതി

മൂന്നു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിലെത്തും. നാളെ കേവാഡിയയിലെ ഏകതാ നഗറിൽ നടക്കുന്ന 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര വിതരണച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

******************************

## അശ്വിനി വൈഷ്ണവ് - കേരള എംപി

കേരളത്തിൽ നിന്നുള്ള എംപിമാരുമായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. മംഗളൂരു റെയിൽവേ മേഖലയെ മൂന്ന് വ്യത്യസ്ത സോണുകളായി വിഭജിച്ചത് സംബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തതായി അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. കേരളത്തിലെ റെയിൽവേ ശൃംഖലയുടെ വികസനത്തിനായുള്ള വിഹിതം ഈ സാമ്പത്തിക വർഷം പത്തിരട്ടിയായി വർധിപ്പിച്ച് 3,795 കോടി രൂപയാക്കി. കഴിഞ്ഞ 12 വർഷത്തിനിടെ, കേരളത്തിലെ റെയിൽവേ ശൃംഖല പൂർണ്ണമായും വൈദ്യുതീകരിക്കുകയും 'അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി'ക്ക് കീഴിൽ 16 റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കുകയും ചെയ്തതായി അദ്ദേഹം വ്യക്തമാക്കി.

******************************

## അനുമതി നിഷേധിച്ചിട്ടില്ല

18-ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി-ഹ്രസ്വചിത്ര മേളയിൽ ഒരു ചിത്രത്തിനും പ്രദർശന അനുമതി നിഷേധിച്ചിട്ടില്ലെന്നു കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം. ആറു ചിത്രങ്ങളുടെ വിശദമായ ഉള്ളടക്കം സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. ചില ചിത്രങ്ങൾ പ്രത്യേക സമിതിയുടെ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട് എന്നും മന്ത്രാലയം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

RNUTVPM

******************************

## മുഖ്യമന്ത്രി - മഴ (ഇൻട്രോ)

കനത്ത മഴയോ മണ്ണിടിച്ചിലോ ഇല്ലാത്ത സാഹചര്യത്തിലും അപകടം ഉണ്ടായത് ഗൗരവത്തോടെ തന്നെ സംസ്ഥാന സർക്കാർ കാണുന്നുവെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. കനത്ത മഴയിൽ ഇന്നലെ അപകടത്തിൽപ്പെട്ടവരുടെ കുടുംബങ്ങളുടെ വേദനയിൽ സർക്കാർ പങ്കുചേരുന്നുവെന്നും, ഇവർക്കുള്ള സഹായം അടക്കമുള്ള കാര്യങ്ങൾ മറ്റന്നാൾ ചേരുന്ന മന്ത്രിസഭാ യോഗത്തിൽ ചർച്ച ചെയ്യുമെന്നും അദ്ദേഹം ഉറപ്പു നൽകി. രാജ്യത്തെ തന്നെ ഏറ്റവും മികച്ച ദുരന്ത പ്രതികരണ സംവിധാനം വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ തുടക്കം കുറിച്ചുകഴിഞ്ഞതായും അദ്ദേഹം മലപ്പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

(വോയ്സ്)

******************************

## മുഖ്യമന്ത്രി -ശിവഗിരി

കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തിന്റെയും പുരോഗമന ചിന്തയുടെയും ഉറവിടം ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. 99-ാമത് മഹാസമാധി ദിനാചരണത്തിന്റെ ഭാഗമായി വർക്കല ശിവഗിരിയിലെ മഹാപരിനിർവാണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ ഭരണ നിർവ്വഹണം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

******************************

RNU TVPM

## പൊഴിയൂർ -കടൽഭിത്തി

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ കടൽഭിത്തി നിർമാണത്തിന്റെ ഉദ്ഘാടനം നാളെ വൈകിട്ട് മുഖ്യമന്ത്രി നിർവഹിക്കും. കിഫ്ബി ഫണ്ട് വിനിയോഗിച്ച് **93.22 കോടി** രൂപയുടെ സമഗ്ര തീരസംരക്ഷണ വികസന പദ്ധതിയാണ് പൊഴിയൂരിൽ നടപ്പാക്കുന്നത്.

*****************************

## മത്സ്യസമ്പത്ത് - കണ്ണൂർ (ഇൻട്രോ)

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ പൊതു ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിക്ക് നാളെ തുടക്കമാകും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബിനോയ് കുര്യൻ ഉദ്ഘാടനം നിർവ്വഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.......**

(വോയ്സ്)

*****************************

## ഇ ടെണ്ടർ - ഡി ഡി

ഡിഡി മലയാളത്തിൽ സംപ്രേക്ഷണം ചെയ്യുന്നതിനായി പ്രസാർഭാരതി 56 എപ്പിസോഡുകൾ അടങ്ങുന്ന സെലിബ്രിറ്റി എന്റർടൈൻമെന്റ് ഷോയ്ക്ക് വേണ്ടി ഇ ടെണ്ടർ ക്ഷണിച്ചു. അപേക്ഷകൾ ഈ മാസം 28 വരെ സ്വീകരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് പ്രസാർഭാരതി e-Procurement പോർട്ടൽ സന്ദർശിക്കുക

*****************************

RNU TVPM

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## മഴ

കേരളത്തിൽ അടുത്ത 5 ദിവസം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ജില്ലകളിൽ ഇടിമിന്നലോടു കൂടിയ ശക്തമായ മഴ തുടരും. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. മഴക്കെടുതിയിൽ വിവിധ ജില്ലകളിലായി ഒമ്പതുപേരാണ് മരിച്ചത്. ഇടുക്കിയിലും കോട്ടയത്തും മണ്ണിടിച്ചിലിലും മലപ്പുറത്ത് മഴവെള്ളപ്പാച്ചിലിലുമാണ് മരണങ്ങൾ സംഭവിച്ചത്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNUTVPM

*****************************

## ശബരിമല - അരവണ (ഇൻട്രോ)

കന്നിമാസ പൂജ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കാനിരിക്കെ അരവണ പ്രതിസന്ധി രൂക്ഷം. പമ്പയിൽ കെട്ടുനിറയ്ക്ക് നെയ് തേങ്ങയ്ക്കും ക്ഷാമം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയ്സ്)

*****************************

## അരവണ- മുരളീധരൻ

നട തുറന്നിരിക്കുന്ന സമയങ്ങളിൽ ഭക്തർക്ക് പ്രസാദം ലഭിക്കണമെന്നും അത് ഉറപ്പാക്കേണ്ടത് ദേവസ്വം ബോർഡ് ആണെന്നും ദേവസ്വം മന്ത്രി K മുരളീധരൻ. ആവശ്യമെങ്കിൽ പ്രശ്നമ ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മന്ത്രി വ്യക്തമാക്കി. നട തുറന്ന സമയത്ത് തന്നെ പ്ലാൻറ് ശുദ്ധീകരിക്കാനായി അടച്ചതാണ് അരവണ വിതരണത്തിൽ പ്രതിസന്ധി സൃഷ്ടിച്ചത് എന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

******************************

## ഭിന്നശേഷി - കുടിശിക

ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശിക തുകയായ 1.30 കോടി രൂപ അനുവദിച്ചു. തുക അർഹരായ ഗുണഭോക്താക്കൾക്ക് അടിയന്തരമായി വിതരണം ചെയ്യാൻ സാമൂഹ്യനീതി മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ നിർദ്ദേശം നൽകി.

RNU TVPM

******************************

## കൊച്ചി - ഫുട്ബോൾ (ഇൻട്രോ)

റൊണാൾഡീഞ്ഞോ ഉൾപ്പെടെയുള്ള ലോക ഫുട്ബോളിലെ ഇതിഹാസതാരങ്ങളും ഇന്ത്യൻ മുൻനിര താരങ്ങളും മാറ്റുരയ്ക്കുന്ന പോരാട്ടത്തിന് കൊച്ചി വേദിയാകുന്നു. ബുധനാഴ്ച നടക്കുന്ന മത്സരം കായിക മന്ത്രി ഒ ജെ ജനീഷ് ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ.........**

(വോയ്സ്)

*******************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസ് ബാഡ്മിന്റണിൽ ബംഗ്ലാദേശിനെ പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ലക്ഷ്യ സെൻ, ആയുഷ് ഷെട്ടി, കിഡംബി ശ്രീകാന്ത് എന്നിവരാണ് ക്വാർട്ടറിലേക്ക് മുന്നേറിയത് . ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ ആതിഥേയരായ ജപ്പാനെ നേരിടും. ഇന്ത്യൻ വനിതാ ടീമും നാളെ ക്വാർട്ടർ ഫൈനലിൽ ജപ്പാനെ നേരിടും.

*******************************

## പിഐബി - ലാപ്ടോപ്

നാഷണൽ സ്റ്റുഡൻറ് ലാപ്ടോപ്പ് പദ്ധതി 2026' പ്രകാരം വിദ്യാർത്ഥികളിൽ നിന്ന് സൗജന്യ ലാപ്ടോപ്പുകൾക്കായി അപേക്ഷ ക്ഷണിച്ചു എന്ന തരത്തിൽ പ്രചരിക്കുന്ന വാട്സാപ്പ് സന്ദേശം വ്യാജമെന്ന് കേന്ദ്രസർക്കാർ. സർക്കാർ ഈ പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്ന് പിഐബി വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

RNUTVPM

*******************************

## നെല്ലിക്കോണം-കൊയ്ത്തുത്സവം

മൂന്ന് പതിറ്റാണ്ടിന്റെ ഇടവേളയ്ക്കുശേഷം കുളത്തൂർ നെല്ലിക്കോണം പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിച്ച് നടത്തിയ കൊയ്ത്തുത്സവം ശ്രദ്ധേയമായി. കൃഷി മന്ത്രി ടി.സിദ്ദിഖ് കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. തരിശായി കിടന്നിരുന്ന ഭൂമിയെ കൃഷിയോഗ്യമാക്കിയ കുട്ടികളെയും കുടുംബശ്രീ പ്രവർത്തകരെയും കർഷകരെയും നാട്ടുകാരെയും മന്ത്രി അഭിനന്ദിച്ചു.

*******************************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി നടത്തിയ പരിശോധനയിൽ സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതുവരെ 12,171 പേരെ അറസ്റ്റ് ചെയ്തു. കഴിഞ്ഞ ദിവസം, 61 കേസുകളിലായി 60 പേർ കൂടി അറസ്റ്റിലായി.

*****************************

RNU TVPM